**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **09-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളുടെ ചുമതല സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സ്റ്റേഷനുകളുടെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിയതോടെ സബ് ഇൻസ്പെക്ടർമാർ നിഷ്ക്രിയരായെന്നും ഗുണ്ടാ ആക്രമണങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പോലീസ് സബ് ഇൻസ്പെക്ടർമാർ നിഷ്ക്രിയരായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പോലീസ് സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിക്കൊണ്ട് മുൻ സർക്കാർ നടപ്പാക്കിയ പരിഷ്കരണത്തെകുറിച്ച് പരിശോധിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ശ്രീ. കെ. പത്മകുമാർ ഐപിഎസ് ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു കമ്മിറ്റി സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിരുന്നു.<br><br>ശ്രീ. ടി.കെ. വിനോദ്കുമാർ ഐ.പി.എസ്, എ.ഡി.ജി.പി (ഇന്റലിജൻസ്), ശ്രീ. എം.ആർ. അജിത്കുമാർ ഐ.പി.എസ് എ.ഡി.ജി.പി (എൽ&ഒ), ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, ഐ.ജി.പി ക്രൈം ബ്രാഞ്ച്, ശ്രീ. ഹരിശങ്കർ ഐ.പി.എസ്, എ.ഐ.ജി പോലീസ് ആസ്ഥാനം. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (സി) | പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ശ്രീ. കെ. പത്മകുമാർ ഐപിഎസ് ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു കമ്മിറ്റി സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിരുന്നു.<br><br>ശ്രീ. ടി.കെ. വിനോദ്കുമാർ ഐ.പി.എസ്, എ.ഡി.ജി.പി (ഇന്റലിജൻസ്), ശ്രീ. എം.ആർ. അജിത്കുമാർ ഐ.പി.എസ് എ.ഡി.ജി.പി (എൽ&ഒ), ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, ഐ.ജി.പി ക്രൈം ബ്രാഞ്ച്, ശ്രീ. ഹരിശങ്കർ ഐ.പി.എസ്, എ.ഐ.ജി പോലീസ് |

| | | | |
|---|---|---|---|
| | | | ആസ്ഥാനം. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പോലീസ് സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിയ നടപടി പുനഃപരിശോധിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ശ്രീ. കെ. പത്മകുമാർ ഐപിഎസ് ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു കമ്മിറ്റി സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിരുന്നു.<br><br>ശ്രീ. ടി.കെ. വിനോദ്കുമാർ ഐ.പി.എസ്, എ.ഡി.ജി.പി (ഇന്റലിജൻസ്), ശ്രീ. എം.ആർ. അജിത്കുമാർ ഐ.പി.എസ് എ.ഡി.ജി.പി (എൽ&ഒ), ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, ഐ.ജി.പി ക്രൈം ബ്രാഞ്ച്, ശ്രീ. ഹരിശങ്കർ ഐ.പി.എസ്, എ.ഐ.ജി പോലീസ് ആസ്ഥാനം. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ടുള്ള നഗരൂർ (തിരുവനന്തപുരം റൂറൽ), അച്ചൻകോവിൽ (കൊല്ലം റൂറൽ), കൊപ്പം (പാലക്കാട്), പുതൂർ (പാലക്കാട്), പിണറായി (കണ്ണൂർ സിറ്റി) എന്നീ 5 Law & Order പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇവ കൂടാതെ പാറശാല, കൊല്ലം, പുനലൂർ, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവെ പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാർ SHO മാരാണ്. 14 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുള്ളതിൽ തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി, ആലപ്പുഴ, കൊല്ലം സിറ്റി, തൃശ്ശൂർ റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർമാരാണ് SHO മാരായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ